15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6498 — 20-03-2023 - ൽ മറുപടിയ്ക്ക്

## വാമനപുരം മണ്ഡലത്തിലെ കുടിവെള്ള കണക്ഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇതുവരെ എത്ര ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്നും അതിൽ എത്ര കുടുംബങ്ങൾക്ക് സൗജന്യ കണക്ഷൻ നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ആകെ **37,23,991** ഗാർഹിക കുടിവെള്ള കണക്ഷനുകൾ നിലവിലുണ്ട്. വാട്ടർ അതോറിറ്റി സൗജന്യമായി ആർക്കും തന്നെ കണക്ഷൻ നൽകുന്നില്ല. എന്നാൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകളും ഗുണഭോക്താക്കളും സംയുക്തമായി വഹിക്കത്തക്ക തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ ഗുണഭോക്തൃ വിഹിതമായി നിശ്ചയിച്ചിട്ടുള്ളത് അതാത് ഗ്രാമീണമേഖലകളിൽ (In village infrastructure) ജലവിതരണ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടിവരുന്ന തുകയുടെ 10% എന്ന നിരക്കിലാണ്. ഗുണഭോക്തൃ വിഹിതം കഴിച്ച് ബാക്കിവരുന്ന ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിക്കുന്നതാണ്. സംസ്ഥാന സർക്കാർ വിഹിതത്തിൽ 15% പഞ്ചായത്തുകളുടെ വിഹിതമായാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br><br>വാമനപുരം മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലുമായി ആകെ 36202 കുടിവെള്ള കണക്ഷനുകൾ നിലവിലുണ്ട്. ഇതിൽ ജലജീവൻ മിഷൻ പദ്ധതിയിലൂടെ ഇതുവരെ 24124 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വാമനപുരം മണ്ഡലത്തിൽ ജലജീവൻ മിഷൻ വഴിയും മറ്റ് പദ്ധതികൾ മുഖേനയും ഇതുവരെ എത്ര കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്നും അവയിൽ എത്ര | (ബി) | സംസ്ഥാനത്ത് ആകെ **37,23,991** ഗാർഹിക കുടിവെള്ള കണക്ഷനുകൾ നിലവിലുണ്ട്. വാട്ടർ അതോറിറ്റി സൗജന്യമായി ആർക്കും തന്നെ കണക്ഷൻ നൽകുന്നില്ല. എന്നാൽ ജലജീവൻ മിഷൻ |

| | | | |
|---|---|---|---|
| | കുടുംബങ്ങൾക്ക് സൗജന്യ കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്നും പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ; | | പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകളും ഗുണഭോക്താക്കളും സംയുക്തമായി വഹിക്കത്തക്ക തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ ഗുണഭോക്തൃ വിഹിതമായി നിശ്ചയിച്ചിട്ടുള്ളത് അതാത് ഗ്രാമീണമേഖലകളിൽ (In village infrastructure) ജലവിതരണ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടിവരുന്ന തുകയുടെ 10% എന്ന നിരക്കിലാണ്. ഗുണഭോക്തൃ വിഹിതം കഴിച്ച് ബാക്കിവരുന്ന ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിക്കുന്നതാണ്. സംസ്ഥാന സർക്കാർ വിഹിതത്തിൽ 15% പഞ്ചായത്തുകളുടെ വിഹിതമായാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br><br>വാമനപുരം മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലുമായി ആകെ 36202 കുടിവെള്ള കണക്ഷനുകൾ നിലവിലുണ്ട്. ഇതിൽ ജലജീവൻ മിഷൻ പദ്ധതിയിലൂടെ ഇതുവരെ 24124 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. പഞ്ചായത്തു തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | മണ്ഡലത്തിൽ സമ്പൂർണ കുടിവെള്ള കണക്ഷൻ നൽകുന്നതിനായുള്ള വിവിധ പദ്ധതികൾക്ക് എന്തെങ്കിലും തടസങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | വാമനപുരം മണ്ഡലത്തിൽ സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ നൽകുന്നതിനായി ആവശ്യമായ തോതിൽ കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പു വരുത്തേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് പനവൂർ, പുല്ലമ്പാറ, വെമ്പായം പഞ്ചായത്തുകളിൽ കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുന്നതിനായി 12 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണശാല നിർമ്മിക്കേണ്ടതുണ്ട്. ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാനാവുകയുള്ളൂ. കൂടാതെ ജലജീവൻ മിഷൻ പദ്ധതിയിൽ കണക്ഷൻ നൽകുന്നതിന് റോഡ് കട്ടിംഗ് അനുമതി ലഭ്യമായാൽ മാത്രമേ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. കൂടാതെ വീടുകളിലേക്കുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി വഴിസൗകര്യം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ഗുണഭോക്താക്കൾക്ക് മറ്റ് പുരയിടത്തിലൂടെ പൈപ്പ് ലൈൻ സ്ഥാപിച്ച് കണക്ഷനുകൾ നൽകുന്നതിന് സമ്മതപത്രം നൽകുന്നതിന് ബന്ധപ്പെട്ട വസ്തുവിന്റെ ഉടമസ്ഥർ തടസ്സം ഉന്നയിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **പഞ്ചായത്ത്** | **ആകെ ഗ്രാമീണ വീട്ടുകൾ** | **ജലജീവൻ മിഷൻ തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ** | **നിലവിൽ മൊത്തം കണക്ഷൻ** |
|---|---|---|---|
| ആനാട് | 8801 | 1428 | 1815 |
| കല്ലറ | 8951 | 3364 | 6757 |
| നന്ദിയോട് | 8842 | 1631 | 2197 |
| നെല്ലനാട് | 7794 | 2885 | 5757 |
| പനവൂർ | 7303 | 4435 | 5685 |
| പാങ്ങോട് | 9718 | 3157 | 4130 |
| പെരിങ്ങമ്മല | 8538 | 801 | 1162 |
| പുല്ലമ്പാറ | 7380 | 3928 | 5309 |
| വാമനപുരം | 8283 | 2495 | 3390 |
| ആകെ | 75610 | 24124 | 36202 |